**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5940**

**19.11.2019 ൽ മറുപടിയ്ക്ക്**

## അഡ്വഞ്ചർ അക്കാഡമികൾ

**ചോദ്യം**

**ശ്രീ.വി.ടി.ബൽറാം**
**ശ്രീ. പി.ടി. തോമസ്**

**മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ**
**(വ്യവസായവും,ടെക്സ്റ്റൈൽസും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള അഡ്വഞ്ചർ അക്കാഡമികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ; അവയിൽ പ്രവർത്തനം നിലച്ച അക്കാഡമികൾ ഏതെല്ലാമെന്നും എന്നു മുതലാണ് പ്രവർത്തനം നിലച്ചതെന്നും ഇതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിനു കീഴിൽ ഇടുക്കി ജില്ലയിലെ ദേവികുളത്ത് ദേശീയ സാഹസിക അക്കാഡമിയും കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി ഉപകേന്ദ്രവും പ്രവർത്തിക്കുന്നു. അക്കാഡമികളുടെ പ്രവർത്തനം നിലച്ചിട്ടില്ല. ദേവികുളത്ത് പ്രവർത്തിക്കുന്ന ദേശീയ സാഹസിക അക്കാഡമി കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നതിനാൽ നടപ്പ് സാമ്പത്തിക വർഷം സാഹസിക കായിക വിനോദ പരിപാടികൾ നടപ്പിലാക്കിയിട്ടില്ല. എന്നിരുന്നാലും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച യുവാക്കളുടെ സന്നദ്ധസേവന സേനയായ 'കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സി'ലെ 1200 ൽപ്പരം അംഗങ്ങൾക്കുള്ള ട്രെയിനിംഗ് രണ്ട് ഘട്ടങ്ങളിലായി ദേവികുളം ദേശീയ സാഹസിക അക്കാഡമി മുഖേന നൽകിയിരുന്നു. മുഴപ്പിലാങ്ങാട് സാഹസിക അക്കാഡമി ഉപകേന്ദ്രം മുഖേന കണ്ണൂർ ജില്ലയിലെ 'വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്' അംഗങ്ങൾക്ക് കടലിൽ നീന്തൽ പരിശീലനം നൽകുന്ന പദ്ധതി 2019 നവംബർ മാസം സംഘടിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രവർത്തനം നിലച്ച പ്രസ്തുത അക്കാഡമികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | '2204-00-103-98-YWB-36- grant - in- aid (Plan) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്ന് 3,05,03,297/- രൂപ (മൂന്ന് കോടി അഞ്ച് ലക്ഷത്തി മൂവായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയേഴ് രൂപ മാത്രം) ചെലവ് ചെയ്ത് ദേവികുളം അഡ്വഞ്ചർ അക്കാഡമിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 31.05.2018 ലെ സ.ഉ(സാധാ)നം.116/18/കാ.യു.വ പ്രകാരം ഭരണാനുമതി നൽകുകയും ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് Kerala Electrical and Allied Engineering Company Ltd. നെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. |

| | | | |
|---|---|---|---|
| | | | ടെക്നിക്കൽ കമ്മിറ്റി കൂടുന്ന വിഷയത്തിന്മേൽ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കേരള സംസ്ഥാനയുവജന ക്ഷേമ ബോർഡിന്റെ ബഡ്ജറ്റിൽ ഈ സാമ്പത്തിക വർഷം അഡ്വഞ്ചർ പ്രോഗ്രാമുകൾ നടപ്പാക്കാൻ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും | നടപ്പ സാമ്പത്തിക വർഷം അഡ്വഞ്ചർ പ്രോഗ്രാമുകൾക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. |
| (ഡി) | ഓരോ അഡ്വഞ്ചർ അക്കാഡമിയും ഏതെല്ലാം സാഹസിക പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും അതിനായി എത്ര രൂപ വീതം ചെലവഴിച്ചെന്നും വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ